## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 155

04.06.2018 ൽ മറുപടിക്ക്

## വിദേശവനിതയുടെ കൊലപാതകം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിദേശവനിതയുടെ കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ, കോവളം ബീച്ചിൽ ക്രിമിനലുകളുടെയും, ലഹരി വില്പനക്കാരുടെയും അഴിഞ്ഞാട്ടം അവസാനിപ്പിച്ച് സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരിവില്പനക്കാർക്കും, ക്രിമിനലുകൾക്കുമെതിരെ ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഒരു തരത്തിലുള്ള അഴിഞ്ഞാട്ടവും അനുവദിക്കുന്നതല്ല. വിദേശ സഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പിന്റെ സഹായത്തോടെ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിനോദ സഞ്ചാരമേഖലകളിൽ ജോലി നോക്കിവരുന്ന ലൈഫ്ഗാർഡുകൾ ചെറുകിട കച്ചവടക്കാർ, ടൂറിസ്റ്റ് ഗൈഡുകൾ എന്നിവരുടെ വിവരങ്ങൾ ശേഖരിച്ച് വിശദമായ അന്വേഷണം നടത്തി അപാകതയില്ലെന്ന് കണ്ടെത്തുന്നവർക്ക് ടൂറിസം വകുപ്പിന്റെ സഹായത്തോടെ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസിന്റെ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. വിനോദ സഞ്ചാരികൾ കൂടുതലായി എത്തുന്ന കോവളത്ത് വിവിധ ഭാഷകളിൽ പ്രാവീണ്യമുള്ള പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ടൂറിസം |

| | | | |
|---|---|---|---|
| | | | പോലീസിനെ . വിപുലപ്പെടുത്തിയിട്ടുണ്ട്. പല ജില്ലകളിലും ടൂറിസം പ്രൊട്ടക്ഷൻ & പോലീസ് അസിസ്റ്റന്റ് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ക്രിമിനൽ പശ്ചാത്തലമുള്ളവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കൊലപാതകത്തിന്റെ അന്വേഷണത്തിൽ പോലീസിന് വീഴ്ച സംഭവിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | പ്രസ്തുത കൊലപാതകത്തിന്റെ അന്വേഷണത്തിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ല. |
| (സി) | കോവളത്ത് സുരക്ഷാ ക്രമീകരണം ടൂറിസം പോലീസിൽ നിക്ഷിപ്തമാക്കുമോയെന്നും ഇവിടെ ക്രൈം മാപ്പിംഗ് സംവിധാനം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ഡി) | ബീച്ചിൽ ടൂറിസ്റ്റുകളുടെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പെട്രോളിംഗിന് ആൾ-ടെറെയിൻ വെഹിക്കിൾ ഉപയോഗിക്കുവാൻ പദ്ധതിയുണ്ടോ; | (ഡി) | പെട്രോളിംഗിന് ആൾ-ടെറെയിൻ വിഭാഗത്തിൽപ്പെട്ട പൊളാരിസ് വാഹനം ഉപയോഗിച്ചു വരുന്നു. |
| (ഇ) | കോവളത്ത് എത്തുന്ന ടൂറിസ്റ്റുകൾക്ക് പൂർണ്ണ സുരക്ഷിതത്വം ഒരുക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഇ) | പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |



സെക്ഷൻ ഓഫീസർ